# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തുമ്പമൺ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: **dopta.ksad@kerala.gov.in**
ഫോൺ : **0468-2223691**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റി.എ.പി11/1033/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/10/2024
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുമ്പമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റി.എ.പി11/1033/2024 തീയ്യതി: 07/10/2024

## പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2024 | 30-09-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2024 | 30-09-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി വീണ സി , ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ പി. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത.റ്റി , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സാജിത സലീം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോണി സഖറിയ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ഷാജു പി.എ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.മഞ്ജു ജി.എൽ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 30-08-2023 |
| ഡോ.ശാന്തി.എൻ.സി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 31-08-2023 | 23-11-2023 |
| ഡോ.മീര രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-11-2023 | 14-02-2024 |
| ഡോ.വീണ വി.എസ്. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-02-2024 | 31-03-2024 |
| ഡോ.ശ്രീകല കെ.എസ്. | മെഡിക്കൽ ഓഫീസർ (അലോപ്പതി)) | 01-04-2023 | 02-09-2023 |
| ഡോ.ആൻസി മേരി അലക്സ് | മെഡിക്കൽ ഓഫീസർ (അലോപ്പതി)) | 03-09-2023 | 31-03-2024 |
| ശ്രീമതി മേഘ എം.ജി | കൃഷി ഓഫീസർ | 01-04-2023 | 05-05-2023 |
| ശ്രീമതി ലാലി പി. | കൃഷി ഓഫീസർ | 06-05-2023 | 04-08-2023 |
| ശ്രീമതി കാവ്യ എസ്.ആർ. | കൃഷി ഓഫീസർ | 05-08-2023 | 31-03-2024 |
| ഡോ. ജിജി ജഗന്നാഥൻ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ശ്രീദേവി റ്റി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി ചന്ദ്രലേഖ എൽ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി അശ്വതി ജി. | ഹെഡ്മിസ്ട്രസ് | 01-04-2023 | 05-06-2023 |
| ശ്രീമതി റൂബി മാത്യു | ഹെഡ്മിസ്ട്രസ് | 06-06-2023 | 31-03-2024 |
| ശ്രീമതി സീനകുമാരി ബി. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.ബിജുപിള്ള | വി.ഇ.ഒ ( സർക്കിൾ I) | 01-04-2023 | 09-07-2023 |
| ശ്രീ.നിസാമുദ്ദീൻ | വി.ഇ.ഒ ( സർക്കിൾ I) | 10-07-2023 | 31-03-2024 |
| ശ്രീമതി രാജിമോൾ കെ.എസ് | വി.ഇ.ഒ ( സർക്കിൾ II) | 01-04-2023 | 12-11-2024 |
| ശ്രീ. അജീഷ് എച്ച്. | വി.ഇ.ഒ ( സർക്കിൾ II) | 13-11-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കാലഹരണപ്പെട്ട നിക്ഷേപ തുകകൾ മുതൽ കൂട്ടിയില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-1-2 |
| 4 | ഗുണഭോക്തൃ വിഹിതം ക്രമീകരിച്ചിട്ടില്ല | 1-1-3 |
| 5 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് പേയ്മെന്റ് നടത്തിയതിന്റെ വിവരങ്ങൾ കൃത്യമല്ല | 1-1-4 |
| 6 | എ.സി.ആർ പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | എം.ജി.എൻ.ആർ.ഇ.ജി.എസ് - ക്യാഷ് ബുക്കിലെയും വാർഷിക കണക്കുകളിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഓഡിറ്റ് റിക്കവറി തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-7 |
| 9 | നിക്ഷേപങ്ങൾ - മുന്നിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സാംഖ്യ സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | തൊഴിൽ നികുതി, വാടക - രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഷെഡ്യൂൾ I(19)- തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല | 1-1-11 |
| 13 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | രസീത് ബുക്കുകളുടെ പരിപാലനം - അപാകതകൾ | 1-11 |
| 24 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 1-12 |

| | | |
|---|---|---|
| 25 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി | 1-13 |
| 26 | തെറ്റായ ഗണത്തിലുൾപ്പെടുത്തി - ജിംനേഷ്യത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 27 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല | 1-15 |
| 28 | വസ്തു നികുതിയിനത്തിൽ 13.61 ലക്ഷം രൂപ കുടിശ്ശിക | 1-16 |
| 29 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 1-17 |
| 30 | ലൈസൻസില്ലാതെ ജിംനേഷ്യം പ്രവർത്തിക്കുന്നു | 1-18 |
| 31 | UPI Payment അക്കൗണ്ട് പരിപാലനം- അപാകതകൾ | 1-19 |
| 32 | റോഡുകളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല | 1-20 |
| 33 | ലൈഫ് ഭവന പദ്ധതി വായ്പ- വികസനഫണ്ടിൽ നിന്നും കുറവു ചെയ്ത തുക തിരികെ ലഭിച്ചില്ല | 1-21 |
| 34 | ഷെറി അക്കൗണ്ടിലെ നീക്കിയിരിപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല | 1-22 |
| 35 | കരാറുകാരൻ പ്രവൃത്തി ചെയ്തില്ല - പ്രോജക്ടുകൾ സ്പിൽ ഓവറായി | 1-23 |
| 36 | പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റ് നവീകരണം - തെറ്റായ നിരക്ക് നൽകി | 1-24 |
| 37 | മെൻസ്ട്രുവൽ കപ്പ് വാങ്ങൽ - പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ | 1-25 |
| 38 | ആസ്തി സംരക്ഷണം കാര്യക്ഷമമല്ല | 1-26 |
| 39 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തീകരിച്ചില്ല | 1-27 |
| 40 | കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-28 |
| 41 | വാതിൽപ്പടി സേവനം-പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല | 1-29 |
| 42 | ഗ്രാമസഭ യോഗം- അവലോകനം | 1-30 |
| 43 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല | 1-31 |
| 44 | ഭിന്നശേഷിക്കാരുടെ വിവരങ്ങളുടെ രജിസ്റ്റർ അപൂർണം, എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല. | 1-32 |
| 45 | ഹരിതകർമ്മസേന - അവലോകനം | 1-33 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റ് നവീകരണം - തെറ്റായ നിരക്ക് നൽകി | 3-1 |
| 2 | മെൻസ്ട്രുവൽ കപ്പുകളുടെ എണ്ണത്തിൽ കുറവ്-തുക നിരാകരിക്കുന്നു | 3-2 |
| | ഭാഗം 4 | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വസ്തു/വാസ്തു തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

## 1-1-1 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ മുതൽ കൂട്ടിയില്ല

ഷെഡ്യൂൾ ബി7 -Deposits Received- കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്ത് റവന്യൂ ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20/05/24-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 21-05-2024 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ

07/10/2024

## 1-1-2 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലികമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-3 ഗുണഭോക്തൃ വിഹിതം ക്രമീകരിച്ചിട്ടില്ല

ഷെഡ്യൂൾ ബി-4:-Beneficiary Contribution- മുൻ നീക്കിയിരിപ്പ് തുക ക്രമീകരിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തിരികെ നൽകുകയോ ചെയ്തിട്ടില്ല

## 1-1-4 പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് പേയ്മെന്റ് നടത്തിയതിന്റെ വിവരങ്ങൾ കൃത്യമല്ല

ഷെഡ്യൂൾ ബി-11(b):- Capital Work In Progress - ഷെഡ്യൂൾ പ്രകാരമുള്ള തുകയും 2023-24-ൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് പേയ്മെന്റ് നടത്തിയതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയതും തമ്മിൽ 79894 രൂപ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-5 എ.സി.ആർ പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് – അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകയും തമ്മിൽ 79894 രൂപയുടെ വ്യത്യാസം ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് റോഡ് – എ.സി.ആർ പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-6 എം.ജി.എൻ.ആർ.ഇ.ജി.എസ് - ക്യാഷ് ബുക്കിലെയും വാർഷിക കണക്കുകളിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ B18 :- എം.ജി.എൻ.ആർ.ഇ.ജി.എസ് – ഭരണചെലവുകൾക്കായുള്ള മുൻകൂർ ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 656262 രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ഈയിനത്തിൽ 665201 രൂപയാണുള്ളത്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-1-7 ഓഡിറ്റ് റിക്കവറി തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു

ഷെഡ്യൂൾ RP-10 ഓഡിറ്റ് റിക്കവറി :- Other Recovery-ൽ ഉൾപ്പെടുത്തേണ്ട 49357 രൂപ ഓഡിറ്റ് റിക്കവറി ശീർഷകത്തിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-1-8 നിക്ഷേപങ്ങൾ - മുന്നിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

നിക്ഷേപ രജിസ്റ്ററിലെ 2023-24ലെ മുന്നിരിപ്പും 2022-23 ലെ B7 ഷെഡ്യൂളിലെ തുകകളും തമ്മിൽ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിക്ഷേപം | മുന്നിരിപ്പ് | |
|---|---|---|
| | മുൻ അക്കൗണ്ട്സ് പ്രകാരം | രജിസ്റ്റർ പ്രകാരം |
| സപ്ലൈയേഴ്സ് എണസ്റ്റ് മണി | 28248 | 21800 |

| | | |
|---|---|---|
| ഡെപ്പോസിറ്റ് | | |
| ബിഡ്ഡേഴ്സ് ഏണസ്റ്റ് മണി ഡെപ്പോസിറ്റ് | 23475 | 27700 |
| സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 6775 | 3250 |
| കോൺട്രാക്ടേഴ്സ് റിട്ടൻഷൻ | 15805 | 33255 |

## 1-1-9 സാംഖ്യ സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-10 തൊഴിൽ നികുതി, വാടക - രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി, വാടക എന്നീ വരവിനങ്ങളിൽ വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

## 1-1-11 ഷെഡ്യൂൾ I(19)- തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ പ്രകാരം Prior Period Income എന്ന ലെഡ്ജറിൽ ജേണൽ വൗച്ചർ മുഖേന വരുമാനം ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | |
|---|---|
| Prior Period Income | 256437 |

## 1-1-12 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. .

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 28.02.2023 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 14.03.2023 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 19.01.2024 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | |
|---|---|---|---|
| | ബജറ്റ് പ്രകാരം | റസീറ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |

| | | | |
|---|---|---|---|
| മുന്നിരിപ്പ് | 1474107 | 4095107 | |
| വരവ് | 96338000 | 16052601 | |
| ആകെ | 97812107 | 20147708 | 53455451 |
| ചെലവ് | 96995000 | 16189411 | 53501819 |
| നീക്കിയിരിപ്പ് | 817107 | 3958297 | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീപ്പ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4095107 | |
| ഓഡിറ്റ് വർഷത്തെ വരവ് | 16052601 | 53455451 |
| ആകെ വരവ് | 20147708 | |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16189411 | 53501819 |
| നീക്കിയിരിപ്പ് | 3958297 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 5091000 | 5091000 | 5018610 | -- | 72390 |
| വികസന ഫണ്ട്-എസ്.സി.പി | " | 4962000 | 4962000 | 4194061 | -- | 767939 |
| വികസന ഫണ്ട്-റ്റി.എസ്.പി | " | 0 | 0 | 0 | -- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2800 | 632500 | | 151868 | 483432 | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 115787.5<br>പലിശ | 843000<br>12457 | 971244.5 | 334491.5 | 636753 | -- |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ഇല്ല | 7853350 | 7853350 | 7207223 | -- | 646127 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | " | 1496000 | 1496000 | 1432794 | -- | 63206 |
| സംസ്ഥാനാവിഷ്കൃത /കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ലൈഫ് -സംസ്ഥാനം വിഹിതം | 296266 | 1907788 | 2204054 | 1550017 | 654037 | -- |
| എൻ.എച്ച്.എം | 552 | 22 | 574 | 0 | 574 | |
| ശുചിത്വ മിഷൻ | 1,473356 | 541321 | 1,77,400 | 541321 | 1473356 | |
| വിമുക്തി | 0 | -- | 0 | -- | 0 | -- |
| സാക്ഷരത | 8007 | 2342 | 5,962 | 2290 | 8059 | -- |

| | | | | | | |
|---|---|---|---|---|---|---|
| ലൈബ്രറി ഗ്രാന്റ് | 1000 | 25350 | 26350 | 26350 | 0 | -- |
| ഐ.സി.ഡി.എസ്. (സെൻട്രൽ) | 413335 | 349855 | 763190 | 0 | 763190 | -- |
| പൈക്ക | 130000 | 0 | 130000 | 130000 | 0 | -- |
| ഹെൽത്ത് ഗ്രാന്റ്(ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 94812.77 | 560033 | 654845 | 104558 | 550287.8 | -- |
| ഹെൽത്ത് ഗ്രാന്റ്(കൺവേർഷൻ ഓഫ് പി.എച്ച്.സി) | 73004 | 258267 | 331271 | 117810 | 213461 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 1077 | 8192993 | 8194070 | 8193972 | 98 | |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 394200 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 404542 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിലെ മുന്നിരിപ്പ് തുകയും(2800) പ്രോജക്ട് നം 103 പ്രകാരമുള്ള ചെലവും(88906) ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ഇനത്തിലെ മുന്നിരിപ്പ് തുക(115787.5), പലിശ ഇനത്തിലെ വരവ്(12457) എന്നിവയും ചെലവിൽ ബാങ്ക് ചാർജ്ജ് ഇനത്തിലെ 2.5 രൂപയും ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് വിഭാഗങ്ങളിലെ നീക്കിയിരിപ്പും(572338+636753) RP40(b) പ്രകാരമുള്ള നീക്കിയിരിപ്പും(1216962) തമ്മിൽ 7871 രൂപയുടെ വ്യത്യാസം ഉണ്ട്.
ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ, പ്രോജക്ട് നം 90 പ്രകാരമുള്ള ചെലവ് 983204, പ്രോജക്ട് നം 95 പ്രകാരമുള്ള ചെലവ് 719345 എന്നിവ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 138 | 45427851 | 101 | 22434714 | 37 | 73.18 |

2023-24-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 9 | 1824600 | 917400 | 50.27 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 1076600 | 1076600 | 100 |
| 3 | മെഡിക്കൽ ഓഫീസർ, | 8 | 8 | 2778374 | 1948429 | 70.12 |

| | | | | | | |
|---|---|---|---|---|---|---|
| | പി.എച്ച്.സി. | | | | | |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 598540 | 581698 | 97.18 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 5 | 5 | 12061236 | 6335310 | 52.52 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 3 | 3 | 199055 | 185555 | 93.21 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 11 | 2518819 | 835222 | 33.15 |
| 8 | സെക്രട്ടറി | 25 | 12 | 3327535 | 2185425 | 65.68 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 34 | 18667453 | 7247536 | 38.82 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 5 | 4 | 1589100 | 335000 | 21.08 |
| 12 | ഹെഡ്മാസ്റ്റർ | 4 | 4 | 786539 | 786539 | 100 |
| | ആകെ | **138** | **101** | **45427851** | **22434714** | 49.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1077 | 765373 | 766450 | 766352 | 98 |
| തൊഴിലാളികളുടെ വേതനം | | 7427620 | 7427620 | 7427620 | |
| ആകെ | 1077 | 8192993 | 8194070 | 8193972 | 98 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 709600 | 60 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 895200 | 82 |
| വിധവാ പെൻഷൻ | 3382600 | 315 |
| വാർദ്ധക്യകാല പെൻഷൻ | 8278100 | 805 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 108800 | 78 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2024 തീയതിയിൽ 03.42 PMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6028 രൂപ (ആറായിരത്തി ഇരുപത്തെട്ട് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി, മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക പദ്ധതി, ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

നിയമം അനുശാസിക്കുന്ന പ്രകാരം നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചു ചേർക്കുന്നുണ്ട്. ഗ്രാമസഭ മിനിട്ട്സ് എഴുതി സൂക്ഷിക്കുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റി, ജനറൽ കമ്മിറ്റി മിനിട്ട്സുകൾ തയ്യാറാക്കുന്നത് സകർമ്മ സോഫ്റ്റ്‌വെയർ മുഖാന്തിരമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ ക്യാരി ഓവർ ചെയ്യുന്നുണ്ട്. മൂന്നുവർഷത്തിൽ അധികമായ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. എല്ലാത്തരം റിക്കവറികളും കൃത്യമായി ഒടുക്ക് വരുത്തുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഭൗതിക പരിശോധനയിൽ ബാലൻസ് സ്റ്റോക്ക് വിവരങ്ങളുമായി പൊരുത്തപ്പെടുന്നുണ്ട്. വിവരാവകാശ രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2013 | 2008-09 മുതൽ 2012-13 വരെ | 28.10.2013 |
| പെർഫോമൻസ് ഓഡിറ്റ് | 05.07.2022 മുതൽ 09.07.2022 വരെ | 01.01.2022 മുതൽ 31.03.2022 വരെ | 05.08.2022 |

## 1-11 രസീത് ബുക്കുകളുടെ പരിപാലനം - അപാകതകൾ

2023-24 സാമ്പത്തിക വർഷം ക്ലാർക്കുമാർക്കും, വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത രസീത് ബുക്കുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ:ബുക്ക് നം. 12222, 12224, 2856).

2. നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ

വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല (ഉദാ: ബുക്ക് നം. 12222).
അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോടു ചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേർക്കുന്നതു മൂലവും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതു വഴിയും ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് ജി.ഒ.(എം.എസ്) നം.77/2023തസ്വഭവ തീയതി 22.03.2023 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനാ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി 10.10.2023 ലെ പഞ്ചായത്ത് കമ്മിറ്റി, ഫീൽഡ് പരിശോധനക്കായി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചിരുന്നു (തീരുമാനം നം.14/1). ആയതിൻമേൽ സ്വീകരിച്ച തുടർനടപടിയും, വസ്തുനികുതി പരിഷ്കരണത്തിന്റെ നിലവിലെ സ്ഥിതിയും ആരാഞ്ഞ് നൽകിയ എൻക്വയറിയ്ക്ക് (നം.12/24.09.24) മറുപടിയായി, ടി കമ്മിറ്റി തീരുമാന പ്രകാരം നിയമിച്ച ആളുകൾ 4 വാർഡുകളുടെ ഫീൽഡ് പരിശോധന ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും, തുടർന്ന്, വേതനം കുറവായതിനാൽ ബാക്കി പ്രവൃത്തി ചെയ്യാൻ തയ്യാറായില്ലെന്നും, ആയതിനാൽ ഡേറ്റാ പ്യൂരിഫിക്കേഷൻ ഉൾപ്പെടെയുള്ള പരിഷ്കരണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ് തല പരിശോധന നടത്തുന്നതിനുള്ള വേതന നിരക്ക് 06.06.2024 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതിയുടെ 3.12-ാം നമ്പർ തീരുമാന പ്രകാരം, 100 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50 രൂപയായും, 100 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപയായും 300 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 75 രൂപയായും ഉയർത്തിയിട്ടുണ്ട്. യോഗ്യരായവരെ തെരഞ്ഞെടുത്ത്, മേൽപ്പറഞ്ഞ വേതനനിരക്കിൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി, നിലവിലുള്ള കെട്ടിടങ്ങളോടുള്ള കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തി വസ്തു നികുതിചോർച്ച തടയുന്നതിനും, അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി

ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു. എന്നാൽ 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഇവയ്ക്ക് ബാധകമായ നിരക്കിനു പകരം, ചെറിയ കെട്ടിടഭാഗങ്ങളായി തിരിച്ച് നികുതി നിർണ്ണയിച്ചതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം | നിർണയിച്ച അടിസ്ഥാന | നിർണ്ണയിക്കേണ്ട അടിസ്ഥാന | അടിസ്ഥാന നികുതിയിലെ |
|---|---|---|---|---|---|---|

| | | | (ച.മീ) | നികുതി | നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ശാമുവേൽ കോശി/മേരി ശാമുവേൽ, തുണ്ടിയിൽ കിഴക്കേതിൽ കാർമ്മൽ ടവർ, തുമ്പമൺ | 1/108/A | 17.09 | 17.09x60=1025.4 | 712.03x90=**64082** | 10465.5 |
| | | 1/108/B | 17.09 | 17.09x60=1025.4 | | |
| | | 1/108/C | 17.09 | 17.09x60=1025.4 | | |
| | | 1/108/D | 17.09 | 17.09x60=1025.4 | | |
| | | 1/108/E | 17.09 | 17.09x60=1025.4 | | |
| | | 1/108/F | 53.14 | 53.14x60=3188.4 | | |
| | | 1/108/G | 107.51 | 107.51x70=7525.7 | | |
| | | 1/108/J | 291.32 | 291.32x90=26218.8 | | |
| | | 1/108/K | 108 | 108x70=7560 | | |
| | | 1/108/L | 42.87 | 42.87x60=2572.2 | | |
| | | 1/108/P | 23.74 | 23.74x60=1424.4 | | |
| | | ആകെ | 712.03 | **53616.5** | | |
| 2 | ജയൻ.റ്റി.കെ, ജെസ്സൺ.കെ.ജയൻ, തോട്ടത്തിൽ ഗ്രീൻസ്, വയലിന് പടിഞ്ഞാറ്, കീരുകുഴി | 8/43/A | 23.66 | 23.66x60=1419.6 | 159.2x70=**11144** | 1592 |
| | | 8/43/B | 19.6 | 19.6x60=1176 | | |
| | | 8/43/C | 23.05 | 23.05x60=1383 | | |
| | | 8/43/D | 22.99 | 22.99x60=1379.4 | | |
| | | 8/43/E | 22.99 | 22.99x60=1379.4 | | |
| | | 8/43/F | 22.99 | 22.99x60=1379.4 | | |
| | | 8/43/G | 23.92 | 22.99x60=1379.4 | | |
| | | ആകെ | 159.2 | **9552** | | |
| 3 | ഷിബു ജോൺ റീന.എം.ഷിബു, മോടി കിഴക്കേതിൽ, ഉളനാട്, ഉളനാട്.പി.ഒ | 8/44/A | 25.33 | 25.33x60=1519.8 | 129.71x70=**9079.7** | 1297.1 |
| | | 8/44/B | 49.98 | 49.98x60=2998.8 | | |
| | | 8/44/C | 34.69 | 34.69x60=2081.4 | | |
| | | 8/44/D | 19.71 | 19.71x60=1182.6 | | |
| | | ആകെ | 129.71 | **7782.6** | | |
| 4 | തോമസ് ജേക്കബ്, കുറ്റിയിൽ പുത്തൻവീട്, ട്രവിലെമുറി, തുമ്പമൺ, 689502 | 9/56/B | 136.27 | 136.27x70=9538.9 | 169.03x70=**11832.1** | 327.6 |
| | | 9/56/D | 32.76 | 32.76x60=1965.6 | | |
| | | ആകെ | 169.03 | **11504.5** | | |
| 5 | | 9/207/A | 223.67 | 223.67x70=15656.9 | 340.62x70=**23843.4** | 1169.5 |
| | | 9/207/B | 81.48 | 81.48x60=4888.8 | | |
| | | 9/207/C | 35.47 | 35.47x60=2128.2 | | |
| | | ആകെ | 340.62 | **22673.9** | | |
| ആകെ | | | | **105129.5** | **119981.2** | **14851.7** |

(100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 60/- രൂപയും, 100-500 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ളവയ്ക്ക് ച.മീറ്ററിന് 70/- രൂപയും,500 ച.മീറ്ററിന മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ച.മീറ്ററിന് 90/- രൂപയും നിശ്ചയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്)

മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് ഒരേ ഉടമസ്ഥതയും ഉപയോഗ ക്രമവുമുള്ളതിനാൽ ഉയർന്ന നിരക്കിലായിരുന്ന നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. അടിസ്ഥാന നികുതി നിർണ്ണയിച്ചതിൽ 14851.7 രൂപയുടെ

കുറവുണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/23.09.2024) മറുപടിയായി, ടി കെട്ടിടങ്ങളുടെ വസ്തു നികുതി പരിശോധിച്ച് പുനർ നിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും ആയത് പുന:ക്രമീകരിച്ച ശേഷം ഓഡിറ്റിൽ വിവരം ലഭ്യമാക്കുന്നതുമാണെന്ന് അറിയിച്ചു. വസ്തു നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തെറ്റായ ഗണത്തിലുൾപ്പെടുത്തി - ജിംനേഷ്യത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ തീ. 05.04.2023, എസ് ആർ ഒ നമ്പർ 479/2023 തീ. 10.04.2023 എന്നീ വിജ്ഞാപനങ്ങൾ പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|
| സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ | 25 | 45 |

മേൽ വിജ്ഞാപനത്തിനനുസൃതമായി തുമ്പമൺ ഗ്രാമപഞ്ചായത്ത് 05.08.2023 തീയതിയിൽ 7/1-ാം നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് 25 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ബ്ലൂ റോക്ക് ഫിറ്റ്നസ് സെന്റർ, തുമ്പമൺ എന്ന സ്ഥാപനത്തെ ജിംനേഷ്യം ഗണത്തിൽപ്പെടുത്തി അവയ്ക്ക് ബാധകമായ വസ്തുനികുതി ഈടാക്കിയതായിട്ടില്ല. ആയതിന്റെ വിശദീകരണം ആരാഞ്ഞു നൽകിയ എൻക്വയറിക്ക് (നം.07/23.09.2024) മറുപടിയായി, പ്രസ്തുത ജിംനേഷ്യം പ്രവർത്തിക്കുന്ന കെട്ടിടം (നം.Ix/59) നിലവിൽ പാർപ്പിട ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി ഈടാക്കിവരുന്നതെന്നും, ആയതിന്റെ ഉപയോഗ ക്രമം ടർഫ്/ജിംനേഷ്യം എന്ന ഗണത്തിലേക്ക് മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായ ഗണത്തിലുൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചതിനാൽ അടിസ്ഥാനനികുതിയിൽ 2710 രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേരും മേൽവിലാസവും | തറവിസ്തീർണം (ച. മീ) | ഈടാക്കിയ അടിസ്ഥാന നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാനനികുതി | കുറവ് |
|---|---|---|---|---|---|
| Ix/59 | ബിനു ജോൺ, കോയിപ്പിള്ളേത്ത് | 166 | 1440 | 166 X 25 = 4150 | 2710 |

വസ്തു നികുതി പുനർനിർണ്ണയിച്ച്, കുറവ് വന്ന തുക ഈടാക്കി, വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി 27.03.2023 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി, ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 207 (ബിഎ) എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രകാരം

സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സെന്റ് ജോൺസ് സ്കൂൾ, തുമ്പമൺ, കീരുകുഴി എന്ന അൺ എയ്ഡഡ് സ്കൂളിൽ നിന്നും തൻ വർഷം വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതി നിരക്ക് (രൂപ) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (രൂപ) |
|---|---|---|---|---|---|
| 1 | സെന്റ് ജോൺസ് സ്കൂൾ, തുമ്പമൺ, കീരുകുഴി | VI/221 | 878 | 8 | 878 X 8 = **7024** |
| 2 | സെന്റ് ജോൺസ് സ്കൂൾ, തുമ്പമൺ, കീരുകുഴി | VI/222 | 294 | 8 | 294 X 8 = **2352** |
| 3 | സെന്റ് ജോൺസ് സ്കൂൾ, തുമ്പമൺ, കീരുകുഴി | VI/223 | 878 | 8 | 878 X 8 = **7024** |

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് വസ്തുനികുതി ഈടാക്കാതിരുന്നതിന്റെ വിശദീകരണം ആരാഞ്ഞു നൽകിയ എൻക്വയറിക്ക്(നം.09/23.09.2024) മറുപടിയായി, കാലതാമസംവിനാ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തു നികുതിയിനത്തിൽ 13.61 ലക്ഷം രൂപ കുടിശ്ശിക

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2023-24 സാമ്പത്തിക വർഷം വസ്തുനികുതി ഇനത്തിൽ 1361595 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കണ്ടു. കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞു നൽകിയ എൻക്വയറിയ്ക്ക് (നം.18/25.09.2024) സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | കെട്ടിട നമ്പർ | വിനിയോഗ ഗണം | വസ്തുനികുതി കുടിശ്ശിക | സെക്രട്ടറിയുടെ മറുപടി |
|---|---|---|---|---|---|
| 1 | ട്രസ്റ്റി, ശാലേം മാർത്തോമ ചർച്ച്, തുമ്പമൺ | 13/91/UA | ഓഡിറ്റോറിയം | 1289229 | കെട്ടിട ഉടമസ്ഥരായ ശാലേം മാർത്തോമ്മ ചർച്ച് ബഹു.കേരള ഹൈക്കോടതിയിൽ Wp(c).6118/2023 ആയി കേസ് ഫയൽ ചെയ്തിട്ടുള്ളതിന്റെ ഭാഗമായി കോർട്ട് സ്റ്റേ നിലനിൽക്കുന്നു. |
| 2 | നസീമ ബീവി, ഗ്രീൻലാന്റ് | 13/241 | പാർപ്പിടാവശ്യം | 3131 | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| 3 | സാമുവൽ ജോസ്, കാഷ്യു ഫാക്ടറി, ഇടമൺ | 10/198 | വാണിജ്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | 4658 | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു |
| 4 | സാമുവൽ ജോസ്, കാഷ്യു ഫാക്ടറി, ഇടമൺ | 10/199 | കശുവണ്ടി ഫാക്ടറി ഷെഡ് | 15852 | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു |
| 5 | സാമുവൽ ജോസ്, കാഷ്യു ഫാക്ടറി, ഇടമൺ | 10/200 | കശുവണ്ടി ഫാക്ടറി ഷെഡ് | 22975 | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു |
| 6 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ്, എ പി ആർക്കേഡ്, തിരുവല്ല | 9/258 | മൊബൈൽ ടെലഫോൺ ടവർ | 25196 | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു |

വസ്തുനികുതിയുമായി ബന്ധപ്പെട്ട കേസിന്റെ പ്രതിവാദ പത്രികകൾ യഥാസമയം ഗ്രാമപഞ്ചായത്തിന്റെ അഡ്വക്കേറ്റ് മുഖേന സമർപ്പിക്കുന്നതിന് അധികൃതർ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ 2023-24 വർഷം പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ചെയ്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ലായെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. തൊഴിൽ നികുതി ഒടുക്കാൻ അവശേഷിക്കുന്ന കരാറുകാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേരും മേൽവിലാസവും |
|---|---|
| 1 | ശ്രുതി എസ്, നെടുമ്പകഴിയിൽ, കൈപ്പട്ടൂർ |
| 2 | ബിജു കെ ജെ , കാരക്കലിൽ, പെരിങ്ങനാട് |
| 3 | രാജശേഖര കുറുപ്പ്, ശിവശൈലം |
| 4 | നിതിൻ പി ജോൺ, നിർമ്മൽ ഭവൻ, പറന്തൽ |

ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/27.09.2024) മറുപടിയായി, കരാറുകാർ അവരവരുടെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ കരം ഒടുക്കിയിട്ടുണ്ടെന്ന് ഫോൺ മുഖേന അറിയിച്ചിട്ടുണ്ടെന്നും ആയതിന്റെ രസീത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനായി സമർപ്പിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. കരാറുകാർ തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 ലൈസൻസില്ലാതെ ജിംനേഷ്യം പ്രവർത്തിക്കുന്നു

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാര പരിധിയിൽ കേരള പബ്ലിക് പ്ലേസ് റിസോർട്ട് ആക്ട്, 1963 പ്രകാരമുള്ള ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ

പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തുവാൻ 01.08.2022ലെ എൽ.എസ്.ജി.ഡി-ആർഡി1/47/2022 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ബ്ലൂ റോക്ക് ഫിറ്റ്നസ് സെന്റർ, ഇരുമ്പകശ്ശേരി എന്ന സ്ഥാപനം ആക്ട് പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല. ആയതിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35/30.09.2024) മറുപടിയായി, ടി സ്ഥാപനം നിയമ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ലൈസൻസ് ഫീസ് ഈടാക്കി, വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 UPI Payment അക്കൗണ്ട് പരിപാലനം- അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21-07-2023 തീയതിയിലെ എൽഎസ്ജിഡി /പി ഡി/20073/2023-ആർഇവി2 നം. സർക്കുലറിൽ, BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പെയ്മെന്റിനായി മാത്രമുപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീ കൺസിലിയേഷൻ നടത്തി, നിലവിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നും, ടി അക്കൗണ്ട് മറ്റ് ഇടപാടുകൾക്കോ ധന വിനിയോഗങ്ങൾക്കോ യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ UPI Payment അക്കൗണ്ട് (നം.42170026974/SBI, ഇരുമ്പകശ്ശേരി) പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 01-08-23 മുതൽ 31-03-24 വരെ ഇടയിൽ ഒരു തവണ പോലും തനത് ഫണ്ട് അക്കൗണ്ടിലേക്ക് നീക്കിയിരിപ്പ് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. 02-04-24ൽ മാത്രമാണ് 390000/- രൂപ ട്രാൻസ്ഫർ ചെയ്തത്.
2. അക്കൗണ്ടിൽ നിന്ന് UPI പേയ്മെന്റിനു പുറമേ ചെക്ക് ഉപയോഗിച്ചുള്ള പിൻവലിക്കൽ നടന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ചെക്ക് നം. | പിൻവലിച്ച തുക |
|---|---|---|
| 08.07.2024 | 373997 | 4758 |
| 08.07.2024 | 373996 | 5000 |
| 09.07.2024 | 373998 | 5800 |
| 11.07.2024 | 374001 | 9050 |
| 12.07.2024 | 374002 | 1750 |
| 18.07.2024 | 374000 | 2050 |
| 21.08.2024 | 374003 | 135846 |

ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/28.09.2024) മറുപടിയായി, ഭാവിയിൽ അതത് മാസാവസാനങ്ങളിൽ തന്നെ ടി അക്കൗണ്ടിലെ തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനും, അക്കൗണ്ടിൽ നിന്ന് മറ്റ് ധനവിനിയോഗങ്ങൾ നടത്താതിരിക്കുന്നതിനും ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. സർക്കുലർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

## 1-20 റോഡുകളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല

റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി മുതലായ പ്രവൃത്തികൾ നടത്തുമ്പോൾ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തിയുടെ സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

തദ്ദേശ ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.04.2022 ലെ ഡി ബി 1/1966/21/സി ഇ/എൽ എസ് ജി ഡി & ഇ.ഡബ്ല്യു നമ്പർ സർക്കുലർ പ്രകാരം ജലാശയങ്ങൾ, റോഡുകൾ എന്നിവയുമായി ബന്ധപ്പെട്ട ചെയിനേജ്, ബെഞ്ച് മാർക്ക് തുടങ്ങിയ രേഖപ്പെടുത്തലുകൾ സ്ഥിരമായ രീതിയിൽ സ്ഥിര

നിർമ്മിതികളുമായി ബന്ധപ്പെട്ട് സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചെലവുകൾ സംബന്ധിച്ച നിബന്ധനകൾ ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്തിന്റെ റോഡുകളിൽ ഒന്നും തന്നെ ഇത്തരത്തിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ പല റോഡുകളിലും നിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും റോഡിന്റെ പല റീച്ചുകളിലായി കുറഞ്ഞ ദൂരത്തിലാണ് നടത്തുന്നത്. ഒരു റോഡിൽ മൊത്തമായി നിർമ്മാണ പ്രവൃത്തി/ അറ്റകുറ്റപ്പണി നടത്തുന്നില്ല. പിന്നീടുള്ള വർഷങ്ങളിൽ ഇതേ റോഡിലെ മറ്റു ഭാഗങ്ങളിൽ നിർമ്മാണം / അറ്റകുറ്റപ്പണി നടത്തുന്നു. റോഡിൽ ചെയിനേജ് മാർക്ക് ചെയ്യാത്തതിനാൽ മുമ്പ് പ്രവൃത്തി ചെയ്ത ഭാഗത്ത് ഡിഫക്ട് ലയബിലിറ്റി പീരിയേഡിനു മുൻപായി വീണ്ടും പണി നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് കഴിയുന്നില്ല. ചെയിനേജ് വിവരങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെങ്കിലും പലപ്പോഴും എം. ബുക്കിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തുമ്പോൾ റോഡിന്റെ നീളം അളന്നു നോക്കിയാൽ മാത്രമേ നിർമ്മാണത്തിന്റെ സുതാര്യത ഉറപ്പു വരുത്താൻ കഴിയൂ. ഇത്തരത്തിലുള്ള പരിശോധനയ്ക്ക് പലപ്പോഴും പ്രായോഗിക ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. ഉദാ- പ്രോ.നം.98/2023-24 ചക്കിട്ടത്ത് പടി - തേവർമ്മണ്ണിൽപ്പടി റോഡ്.

അപാകം ഒഴിവാക്കുന്നതിനും പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി വായ്പ- വികസനഫണ്ടിൽ നിന്നും കുറവു ചെയ്ത തുക തിരികെ ലഭിച്ചില്ല

ലൈഫ് ഭവന പദ്ധതിക്കായി നാളിതുവരെ ഗ്രാമപഞ്ചായത്ത് ലോൺ എടുത്തിട്ടില്ല. എന്നാൽ 2022-23, 2023-24 വർഷങ്ങളിലായി പട്ടികജാതി വിഭാഗം വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്നും 809084 രൂപ ശ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | വർഷം | ശ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക |
|---|---|---|---|
| 1. | വികസന ഫണ്ട് (എസ്സ് സി പി) | 2022-23 | 404542 |
| 2. | വികസന ഫണ്ട് (എസ്സ് സി പി) | 2023-24 | 404542 |
| | | | 809084 |

തുക കുറവു ചെയ്തത് സംബന്ധിച്ച് സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. നിലവിലും തുക തിരികെ ലഭിച്ചിട്ടില്ല. തുടർ നടപടികൾ മോണിട്ടർ ചെയ്യേണ്ടതാണ്.

## 1-22 ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ പന്തളം സബ്ട്രഷറിയിലുള്ള റ്റി.എസ്സ്.ബി അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 799011400002012) 106141 രൂപ നീക്കിയിരിപ്പുണ്ട് (തീയതി 12.09.2024).

മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കി, അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ ലഭിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. ഇപ്രകാരം മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി അക്കൗണ്ടിലേക്ക് വരുന്ന തുക, എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിനായി

പഞ്ചായത്തിൽനിന്ന് അനുവദിക്കുന്ന തുക എന്നിങ്ങനെ പല ഇനങ്ങളിലായി പ്രസ്തുത അക്കൗണ്ടിൽ പണം വരാൻ സാധ്യതയുണ്ട്. എന്നാൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ നിജസ്ഥിതി അറിയുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (24/27.09.2024) നൽകി. നീക്കിയിരിപ്പിന്റെ വിശദാംശം സംബന്ധിച്ച വിവരങ്ങൾ സെക്ഷൻ ഓഫീസിൽ ലഭ്യമല്ലെന്നും മുൻ വർഷങ്ങളിൽ അവശേഷിച്ച തുകയാണിതെന്നും അസിസ്റ്റന്റ് എൻജിനീയർ മറുപടി ലഭ്യമാക്കി.

ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു. ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 കരാറുകാരൻ പ്രവൃത്തി ചെയ്തില്ല - പ്രോജക്ടുകൾ സ്പിൽ ഓവറായി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി ആവിഷ്കരിച്ച ആറ് പ്രോജക്ടുകൾ കരാറുകാരൻ പൂർത്തീകരിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|
| 91 | ഇന്ദിര ജംഗ്ഷൻ-വൈദിക സദനം റോഡ് അറ്റകുറ്റപ്പണികൾ വാർഡ് V |
| 107 | ജി.യു.പി.എസ്സ് തുമ്പമൺ അറ്റകുറ്റപ്പണികൾ |
| 102 | പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണികൾ |
| 143 | 72- ാം നമ്പർ അംഗനവാടി സ്റ്റോർ റൂം നിർമ്മാണം |
| 141 | വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ് |
| 142 | മോഡൽ പ്രീ സ്കൂൾ മെയിന്റനൻസ് |

മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തതിന്റെ കാരണം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (04/23.09.2024) നൽകി. കരാറുകാരന്റെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് ടിയാൾ എഗ്രിമെന്റ് വച്ച പ്രവൃത്തികൾ തൻവർഷം പൂർത്തീകരിക്കാതിരുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. മറുപടി അംഗീകരിക്കത്തക്കതല്ല. കരാറുകാർക്ക് ലൈസൻസ് അനുവദിക്കുമ്പോൾ നിശ്ചിത ആസ്തിയുള്ള വ്യക്തികൾക്ക് മാത്രമാണ് വിവിധ ക്ലാസ്സുകളിൽ ലൈസൻസ് അനുവദിക്കുന്നത്. എല്ലാ പ്രവൃത്തികളും 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവറായി നിലനിർത്തിയിട്ടുണ്ട്. പ്രവൃത്തികൾ നിശ്ചിതകാല പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം, കരാറുകാരിൽ നിന്നും 2012 ലെ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതാണ്. വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റ് നവീകരണം - തെറ്റായ നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | 150/24, പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ തുക, ഫണ്ടിനം | 79894<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| വൗച്ചർ നമ്പർ/തീയതി | XVFC/2023-24/P/17 , 31.03.2024 |

പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റിൽ വാട്ടർ ക്ലോസറ്റ് ഘടിപ്പിച്ച പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയിട്ടുണ്ട്. White Vitreous China Orissa Pattern W.C.Pan ആണ് ടോയ്‌ലറ്റിൽ ഘടിപ്പിച്ചിട്ടുള്ളത്. ആയതിന് അനുവദിക്കാവുന്നത് DSR 2018, 17.1.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കായ 6462 (അടിസ്ഥാന നിരക്ക് - 4706.55 + കോസ്റ്റ് ഇൻഡക്സ് 37.29%- 1755 ) രൂപയാണ്. എന്നാൽ Stainless Steel AISI-304 (18/8) Orissa Pattern W.C.Pan ഘടിപ്പിക്കുന്നതിനുള്ള 17.1.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കായ 11724 രൂപ (അടിസ്ഥാന നിരക്ക് - 8539.71+ കോസ്റ്റ് ഇൻഡക്സ് 37.29%- 3184.45) അനുവദിച്ചതിനാൽ ഈയിനത്തിൽ 5262 രൂപ അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/28.09.2024) മറുപടിയായി, പ്രവൃത്തിയുടെ പാർട്ട് ബിൽ മാത്രമേ നൽകിയിട്ടുള്ളൂ എന്നും അധികം നൽകിയ തുക ഫൈനൽ ബില്ലിൽ ക്രമീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. തുക ക്രമീകരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ തുക 5262 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-25 മെൻസ്ട്രുവൽ കപ്പ് വാങ്ങൽ - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 45/24 - മെൻസ്ട്രുവൽ കപ്പ് – വുമൺ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ തുക | ₹188400 (വികസന ഫണ്ട്) |
| ചെലവ് തുക | ₹188400 |
| ട്രഷറി ബിൽ | നം. 18971/24.03.24 , 188400 രൂപ |

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി, വനിതകളുടെ ശുചിത്വവും ആരോഗ്യവും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി വാങ്ങിയ 26100 രൂപ വില വരുന്ന മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിൽ കാണാനില്ല. ആവശ്യകത നിർണ്ണയിക്കാതെ വാങ്ങിയ മെൻസ്ട്രുവൽ കപ്പുകളിൽ ഭൂരിഭാഗവും വിതരണം ചെയ്തില്ല. വനിതകളുടെ ക്ഷേമം മുൻനിർത്തി നടപ്പിലാക്കിയ പദ്ധതി ഏറെക്കുറെ ഫലശൂന്യമായി.

2023-24-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, പ്രോജക്ട് നം. 45/24 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 188440 രൂപ വകയിരുത്തി മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. വനിതാ ഘടക പദ്ധതിയിൽ, പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസറുടെ നിർവ്വഹണച്ചുമതലയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം എച്ച്.എൽ.എൽ-നിന്നും 300 രൂപ നിരക്കിൽ 628 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങി (ടാക്സ് ഇൻവോയ്സ് നം. 9423051714/31.03.2024). തുടർന്ന് ബോധവൽക്കരണ ക്ലാസ് നടത്തി 140 ഗുണഭോക്താക്കൾക്ക് മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തു.

വിതരണ ശേഷം ബാക്കി 488 എണ്ണം സ്റ്റോക്കിൽ ബാക്കിയുണ്ടാകേണ്ടതാണ്. എന്നാൽ ബാലൻസ് സ്റ്റോക്കിൽ 87 എണ്ണത്തിന്റെ കുറവ് ഉണ്ട്. ഇത് സംബന്ധിച്ച് 19.07.2024-ൽ സ്റ്റോറിന്റെ ചുമതലയുള്ള ഫാർമസിസ്റ്റ്, മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതായി ഫയലിൽ കണ്ടു. കത്ത് പ്രകാരം 31.03.2024-ൽ ലഭിച്ച സ്റ്റോക്കിൽ മീഡിയം സൈസ് മെൻസ്ട്രുവൽ കപ്പ് 81 എണ്ണവും, ലാർജ് സൈസ് 6 എണ്ണവും കുറവുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സാധനം സ്റ്റോക്കിൽ എടുത്ത് മൂന്ന് മാസത്തിനു ശേഷമാണ് ഫാർമസിസ്റ്റ് ഇക്കാര്യം മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/26.09.2024) മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ,

സ്റ്റോർ സ്വീകരിച്ചപ്പോൾ തന്നെ മെൻസ്ട്രുവൽ കപ്പുകളുടെ എണ്ണത്തിൽ കുറവുണ്ടായിരുന്നുവെന്നും, ലോക്സഭ ഇലക്ഷൻ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ വിതരണോദ്ഘാടനം നടത്തുന്നതിന് തടസ്സമുള്ളതിനാൽ പാക്കറ്റുകൾ തുറന്ന് പരിശോധിച്ചിരുന്നില്ലെന്നും വിശദീകരിച്ചു. സ്റ്റോർ സ്വീകരിക്കുമ്പോൾ ബിൽ/ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ പർച്ചേസ് ഓർഡർ അനുസരിച്ചുള്ള സ്പെസിഫിക്കേഷനിലും; അളവിൽ/എണ്ണത്തിലും; ഗുണനിലവാരത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും, ആ വിവരം പർച്ചേസ് ബില്ലിൽ/ഇൻവോയ്സിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നതിനും പർച്ചേസ് നടത്തുന്ന ഉദ്യോഗസ്ഥന് ഉത്തരവാദിത്തമുണ്ട്. സ്റ്റോർ സ്വീകരിച്ച് മാസങ്ങൾക്ക് ശേഷം, ലഭിച്ച സ്റ്റോറിൽ നിശ്ചിത എണ്ണം ഉണ്ടായിരുന്നില്ലെന്ന വാദം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സ്റ്റോക്കിൽ കുറവ് വന്ന 87 മെൻസ്ട്രുവൽ കപ്പുകളുടെ വിലയായ 26100 രൂപ (87x300) ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് പർച്ചേസ് നടത്തിയ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>വാങ്ങിയവയിൽ ഭൂരിഭാഗവും വിതരണം ചെയ്തില്ല</u>

പദ്ധതിയുടെ ഭാഗമായി ആകെ 628 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയതിൽ ഓഡിറ്റ് തീയതിവരെ 140 എണ്ണം മാത്രമാണ് ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്തിട്ടുള്ളത്. പർച്ചേസ് നടത്തി മാസങ്ങൾക്കുശേഷവും അവശേഷിച്ചവ വിതരണം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ആവശ്യാധിഷ്ഠിതമായിട്ടല്ല വാങ്ങൽ നടത്തിയിട്ടുള്ളതെന്നാണ് വ്യക്തമാകുന്നത്. അർഹരായ ഗുണഭോക്താക്കളെ മുൻകൂട്ടി തെരഞ്ഞെടുക്കാതെ വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യുന്ന ഇത്തരം ഒരു പദ്ധതി നടപ്പിലാക്കിയത് വീഴ്ചയാണ്. ഈ സാഹചര്യത്തിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാക്കിയുള്ള 488 എണ്ണത്തിൽ, മേൽ ഖണ്ഡിക പ്രകാരം നിരാകരിച്ച 87 എണ്ണം കിഴിച്ച് ബാക്കി 401 എണ്ണത്തിന്റെ വിലയായ 120300 രൂപ (401x300) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യകത നിർണ്ണയിക്കാതെയും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെയും വാങ്ങൽ നടത്തിയതിന് മെഡിക്കൽ ഓഫീസർ വിശദീകരണം നൽകണം. കൂടാതെ സ്റ്റോക്കിൽ അവശേഷിച്ച 401 എണ്ണം, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്തിൽനിന്നും ലഭ്യമാക്കി, എത്രയും വേഗം വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തടസ്സപ്പെടുത്തിയ തുക (₹120300) നിരാകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി ചുമത്തുന്നതാണ്.

## 1-26 ആസ്തി സംരക്ഷണം കാര്യക്ഷമമല്ല

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിനായി ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ [സ.ഉ(കൈ.) നം:84/2022/LSGD തീയതി 19-04-2022] നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടില്ല .

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ അനുസരിച്ച് [സ.ഉ.(കൈ)90/2023/തസ്വഭവ, തീ.09/04/23], റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് അനിവാര്യ ഇനങ്ങൾ, മുൻഗണനാ ഇനങ്ങൾ, അഭിലഷണീയ ഇനങ്ങൾ എന്നിങ്ങനെ മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ട്. അനിവാര്യ ഇനങ്ങളിൽ ചെലവ് വേണ്ടിവരുന്ന കാര്യങ്ങൾക്ക് തുക മാറ്റിവെച്ചതിന് ശേഷം മാത്രം മുൻഗണനാ ഇനങ്ങൾ, അഭിലഷണീയ ഇനങ്ങൾ എന്നിവ ഏറ്റെടുക്കാവുന്നതാണ്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കേണ്ട അനിവാര്യ ഇനമായി നിശ്ചയിച്ചിട്ടുള്ള, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി 10.08 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ചെലവഴിച്ചത് 54575 രൂപ മാത്രമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 106 | 65-ാം നമ്പർ അങ്കണവാടിയുടെ റൂഫ് നിർമ്മാണം | 93000 | 54575 |
| 103 | അങ്കണവാടി കിണർ മെയിന്റനൻസ് വാർഡ് - I | 120000 | 0 |
| 107 | ജിയുപിഎസ് ഇമ്പമൺ മെയിന്റനൻസ് | 100000 | 0 |
| 141 | വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ് | 145801 | 0 |
| 142 | മോഡൽ പ്രീ സ്കൂൾ മെയിന്റനൻസ് | 100000 | 0 |
| 155 | ദേശീയ ആയുഷ് മിഷൻ – ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണികൾ | 450000 | 0 |
| | ആകെ | 1008801 | 54575 |

അറ്റകുറ്റപ്പണികൾക്കായി ആവിഷ്കരിക്കുന്ന പ്രോജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ സ്പിൽ ഓവറാകുകയും ഫണ്ട് ലാപ്സാകുകയും ചെയ്യുന്ന അവസ്ഥയും നിലനിൽക്കുന്നു. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ കുറവ്, സേവനകാര്യക്ഷമതയെ ബാധിക്കുന്നതെന്നതിനാൽ, പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

റോഡ് ആസ്തികളുടെ സംരക്ഷണത്തിനായി പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. റോഡുകളുടെ മെയിന്റനൻസിനായി 89 ലക്ഷം രൂപ അലോട്ട്മെന്റായി ലഭിച്ചിരുന്നെങ്കിലും 20.02ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. 3 ഗഡു വായി ലഭിക്കേണ്ടിയിരുന്ന മെയിന്റനൻസ് ഗ്രാന്റ് റോഡ് ഗ്രാന്റ് 2 ഗഡുക്കൾ മാത്രം ലഭിച്ചത് പോലും വിനിയോഗിക്കാൻ കഴിയാതിരുന്നത് വീഴ്ചയാണ്.

മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ.വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ട് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതും, ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ച് ആസ്തി സംരക്ഷണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ വികസനകാര്യ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-27 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നതിനായി 2021-22 വർഷം ആരംഭിച്ച പ്രോജക്റ്റ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് തരം | വർഷം | അടങ്കൽ തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 124 | റോഡ് | New | 2021-22 | 39000 | 0 | 39000 |

| | | | | | | |
|---|---|---|---|---|---|---|
| | കണക്ടിവിറ്റി മാപ്പിങ്ങ് | | | | | |
| 24 | റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് | SO | 2022-23 | 39000 | 16900 | 22100 |
| 128 | റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് | SO | 2023-24 | 22100 | 0 | 22100 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/23.09.2024) മറുപടിയായി, ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി, പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന ഘട്ടത്തിലാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. KSREC (Kerala State Remote Sensing And Enviromment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ്ഫോമിൽ മാപ്പ് പൂർത്തീകരിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

ഇലക്ഷൻ ഡെപ്പോസിറ്റ് ആയി ലഭിക്കുന്ന നിക്ഷേപത്തുക തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് മൂന്ന് മാസത്തിനകം തിരിച്ച് നൽകേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 144(2) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 16.11.2021 ൽ ഉപതെരഞ്ഞെടുപ്പ്... പഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ആയി ലഭിച്ച തുക 39000 രൂപ നാളിതുവരെ തിരികെ നൽകിയിട്ടില്ലാത്തതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), 282(6), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 79 എന്നിവ പ്രകാരം മൂന്ന് വർഷ കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികമായ നിക്ഷേപ തുകകൾ റീഫണ്ട് ചെയ്യുകയോ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്യാതെ അവശേഷിച്ചിട്ടുണ്ട്. തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന 25300 രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം/വർഷം | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|
| കോൺട്രാക്ടേഴ്സ് എർണസ്റ്റ് മണി ഡെപ്പോസിറ്റ് | | | 6000 | 6000 |
| സപ്ലൈയേഴ്സ് എർണസ്റ്റ് മണി ഡെപ്പോസിറ്റ് | 7600 | | | 7600 |
| ബിഡ്ഡേഴ്സ് എർണസ്റ്റ് മണി ഡെപ്പോസിറ്റ് | | 3450 | 5000 | 8450 |
| സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | | 3250 | | 3250 |
| ആകെ | 7600 | 6700 | 11000 | 25300 |

പ്രസ്തുത നിക്ഷേപത്തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി, വിവരം അറിയിക്കേണ്ടതാണ്.

## 1-29 വാതിൽപ്പടി സേവനം-പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല

പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുക എന്ന

ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് 'വാതിൽപ്പടി സേവനം'. പദ്ധതി നടപ്പാക്കുന്നതിന് സ.ഉ(സാധാ)നം.1821/2021/ തസ്വഭവ തീയതി 22.09.2021 പ്രകാരം കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. അക്ഷയകേന്ദ്രം മുഖേന സേവനങ്ങൾ നൽകുമ്പോൾ അവർക്ക് നൽകേണ്ട ഫീസ്, സന്നദ്ധ പ്രവർത്തകർക്ക് നൽകേണ്ടുന്ന ഇന്ധന/യാത്രാചെലവ്, വാഹനം ഏർപ്പാടാക്കേണ്ടിവന്നാലുള്ള ചെലവ് എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കി വയ്ക്കേണ്ടതാണെന്ന് പതിനാലാം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക നം.6.9(7)ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ഇതുമൂലം അർഹതപ്പെട്ട എല്ലാ ആളുകൾക്കും സേവനം ഉറപ്പാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം.

ഗ്രാമപഞ്ചായത്തുകളുടെ വിഹിതത്തിന് പുറമേ സി.എസ്.ആർ ഫണ്ട്, സംഭാവന, സ്പോൺസർഷിപ്പ് തുടങ്ങിയവയിലൂടെ ലഭിക്കുന്ന തുക കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## 1-30 ഗ്രാമസഭ യോഗം- അവലോകനം

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവയിൽ ഗ്രാമസഭകളുടെ പ്രവർത്തനവും നടപടി ക്രമവും വിശദീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2023-24 വർഷം നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം, തദ്ദേശ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട്, ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടില്ല.

2. എല്ലാ വാർഡുകളിലെയും ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ-വാർഡ് 13)

3. സ.ഉ.(കൈ)84/2022/തസ്വഭവ തീയതി18.04.22 പദ്ധതി മാർഗ്ഗരേഖ ഖ.3.2.3 ലെ ക്രമ നം.3 പ്രകാരം മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ (ഫോറം 4 ൽ തയ്യാറാക്കിയത്), നടപ്പ് വാർഷിക പദ്ധതിയുടെ അവലോകനം (ഫോറം 5 ൽ തയ്യാറാക്കിയത്), വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ (ഫോറം 6 ൽ തയ്യാറാക്കിയത്), ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച അവസ്ഥാരേഖയുടെ രത്നച്ചുരുക്കം എന്നിവ അച്ചടിച്ച് ഗ്രാമസഭ യോഗത്തിൽ വിതരണം ചെയ്യണം. എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന വിവരം ഗ്രാമസഭ മിനിട്സിൽ നിന്നും ലഭ്യമല്ല.

പഞ്ചായത്ത് രാജ് ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരം ഗ്രാമസഭ യോഗം കൂടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 ഹെൽത്ത് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ 1023041 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് (പലിശ ഉൾപ്പെടെ) | ആകെ | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| Health Grant Towards Support For Diagnostic | 94812.77 | 560033 | 654845.77 | 104558 | 550287.7 |

| | | | | | |
|---|---|---|---|---|---|
| Infrastructure Health Grant Towards Conversion Of PHC And Sub Center | 73004 | 258267 | 331271 | 117810 | 213461 |
| ആകെ | 167816.77 | 818300 | 986116.77 | 222368 | 763748.7 |

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

## 1-32 ഭിന്നശേഷിക്കാരുടെ വിവരങ്ങളുടെ രജിസ്റ്റർ അപൂർണം, എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല.

ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കണമെന്ന കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ നിർദേശം അംഗീകരിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് നം.2465/2016/തസ്വഭവ തീയതി 17.08.2016 പ്രകാരം തുമ്പമൺ പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. സ്കോളർഷിപ്പിന് അർഹരായ 13 കുട്ടികൾ ഉൾപ്പെടെ 109 പേരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ വികലാംഗ പെൻഷൻ വാങ്ങുന്നത് 82 ഗുണഭോക്താക്കൾ മാത്രമാണ്. വികലാംഗ പെൻഷൻ ലഭിക്കുന്നവരിൽ 53 പേരുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമാണ്. ബാക്കി 29 പേരെ ഭിന്നശേഷി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വിഷയം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയ എൻക്വയറിക്ക് (നം-32/26.09.2024) ലഭ്യമാക്കിയ മറുപടിയിൽ, അപാകതകളിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതയില്ലാത്തവരോ, പെൻഷൻ ആവശ്യമില്ലാത്തവരോ ഉണ്ടെങ്കിൽ ആയത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സർക്കാർ ഉത്തരവിലെ അനുബന്ധത്തിൽ നൽകിയിരിക്കുന്ന ഫോർമാറ്റിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതും അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 1-33 ഹരിതകർമ്മസേന - അവലോകനം

ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടത് ഹരിതകർമ്മ സേനയിലൂടെയാണ്. എളുപ്പം ചീഞ്ഞളിയാനിടയുള്ള ജൈവമാലിന്യം ഉറവിടത്തോട് ഏറ്റവും അടുത്ത് തന്നെ സംസ്കരിക്കുക, പുനഃചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിലേക്ക് അയയ്ക്കുക എന്നിവയാണ് ശുചിത്വ, മാലിന്യ സംസ്കരണത്തിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്ന് സ്ത്രീകൾക്ക് വരുമാനവും ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്.

അടിസ്ഥാനവിവരങ്ങൾ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 13 വാർഡുകളിലായി 17 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഒരു താല്ക്കാലിക എം.സി.എഫ്, 13 മിനി എം.സി.എഫുകൾ എന്നിവ ഉണ്ട്. എം.സി.എഫിനുള്ള സ്ഥിരം കെട്ടിടം മുഴക്കോട്ടു ചാൽ ഭാഗത്ത് നിർമ്മാണം പൂർത്തീകരിച്ച് വരുന്നു. നിലവിൽ 2367 ഭവനങ്ങളിലും 150 സ്ഥാപനങ്ങളിലും ഹരിതകർമ്മസേന സേവനം

നടത്തുന്നു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിന്റെ ഭാഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

<u>മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത</u>

ഹരിതകർമ്മ സേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നിർവഹിക്കുന്നുണ്ട്.

<u>മാലിന്യ വേർതിരിവ് പാലിക്കൽ</u>

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽവച്ച് തന്നെ വേർതിരിക്കുന്നുണ്ട്. വൃത്തിയാക്കിയ അജൈവമാലിന്യം മെയിൻ എം.സി.എഫിൽ എത്തിക്കുകയും തരംതിരിച്ചശേഷം, കരാറിലേർപ്പെട്ട കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

<u>റീസൈക്ലിംഗ്</u>

ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്ന് പുനരുപയോഗസാധ്യതയുള്ളവ കണ്ടെത്തി ഉപയുക്തമാക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല. റീസൈക്ലിംഗിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ ആദായകരമാക്കാവുന്നതാണ്.

<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കാവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ ആരംഭിച്ച ഹരിതസഹായ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് വരുന്നു.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ശുചിത്വമിഷന്റെ നിർദ്ദേശപ്രകാരം വിവിധയിടങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഭവന സന്ദർശനങ്ങൾ, സ്കൂൾതല ബോധവത്കരണ പരിപാടികൾ, പൊതുസ്ഥലങ്ങൾ ശുചീകരിക്കൽ, കുടുംബശ്രീ അയൽക്കൂട്ടതല ബോധവത്കരണ പരിപാടികൾ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിടങ്ങളിലെ ബോധവത്കരണ പരിപാടികൾ മുതലായവ നടത്തുന്നുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

പ്രതിമാസം ശരാശരി 5000 രൂപ ഒരു ഹരിതസേനാംഗത്തിന് ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആശ്രയ-അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ വിഹിതം പ്രോജക്ട് മുഖേന ഹരിതകർമ്മസേനയുടെ കൺസോർഷ്യം അക്കൗണ്ടിലേക്ക് കൈമാറുന്നുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി നെൽകൃഷി, ഹരിതം ഹയറിംഗ് യൂണിറ്റ്, പുഷ്പകൃഷി, ഹൗസ് ക്ലീനിംഗ് യൂണിറ്റ് മുതലായവ പ്രവർത്തിച്ച് വരുന്നു.

<u>അടിസ്ഥാനസൗകര്യ വികസനം</u>

13 മിനി എം.സി.എഫുകളും 3 തുമ്പൂർമുഴി യൂണിറ്റുകളും ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സ്ഥിര എം.സി.എഫിന്റെയും ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററിന്റെയും നിർമ്മാണം പൂർത്തീകരിച്ച് വരുന്നു. മാലിന്യ ശേഖരണത്തിനായി ജില്ലാപഞ്ചായത്തിൽ നിന്നും ഇലക്ട്രിക് ഓട്ടോ റിക്ഷ ലഭിച്ചിട്ടുണ്ട്. ഡ്രൈവിംഗ് പരിശീലനം ലഭിച്ച രണ്ട് അംഗങ്ങളാണ് ഡ്രൈവിംഗ് ജോലികൾ ചെയ്യുന്നത്.

<u>ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം</u>

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം ഹരിതമിത്ര ആപ്ലിക്കേഷൻ മുഖേന വിലയിരുത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു മോണിട്ടറിംഗ് നടത്തുന്നില്ല. വീടുകളിലും ഭവനങ്ങളിലും പതിപ്പിച്ചിട്ടുള്ള ക്യൂ ആർ കോഡുകൾ സ്കാൻ ചെയ്യുന്നതു വഴി, ഹരിതകർമ്മസേനയ്ക്ക് ലഭ്യമാകുന്ന വരുമാനം, ശേഖരിച്ച മാലിന്യത്തിന്റെ അളവ്, മുതലായവ ഹരിതമിത്ര ആപ്ലിക്കേഷൻ മുഖേന വിലയിരുത്തുന്നതിനും ലഭിക്കുന്ന

വരുമാനത്തിന്റെ ധനവിനിയോഗ പ്രക്രിയകൾ വിലയിരുത്തുന്നതിനും കഴിയും. എന്നാൽ കൃത്യമായ ഇടവേളകളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നില്ല. വിഷയത്തിൽ ചാർജ് ഓഫീസറായ വില്ലേജ് എക്സ്റ്റൻ ഓഫീസർ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

പാരിസ്ഥിതിക ആഘാതം -കൈക്കൊണ്ട നടപടികൾ

മാലിന്യം പൊതുനിരത്തിൽ വലിച്ചെറിയൽ, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വില്പന, വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന എന്നിവയിനത്തിൽ തൽവർഷം 72,000/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്

പരിശീലനവും വികസനവും

ഹരിതകർമ്മസേനാ അംഗങ്ങൾക്ക് കുടുംബശ്രീ മിഷൻ, ശുചിത്വ മിഷൻ, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ , ഹരിതകേരളം മിഷൻ, കില എന്നിവിടങ്ങളിൽ നിന്നും പരിശീലനം ലഭിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

താൽക്കാലിക എം.സി.എഫിലെ സ്ഥല പരിമിതി മൂലം, ശേഖരിച്ച മാലിന്യങ്ങൾ സൂക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. നിർമ്മാണത്തിലിരിക്കുന്ന എം.സി.എഫ് കെട്ടിടത്തിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.



താല്ക്കാലിക എം.സി.എഫിൽ മാലിന്യങ്ങൾ കെട്ടിടത്തിന്റെ പടികളിൽ സൂക്ഷിച്ചിരിക്കുന്നു

ഖര മാലിന്യങ്ങൾ ശേഖരിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുക, ദ്രവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ യഥാവിധി നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപ്പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റ് നവീകരണം - തെറ്റായ നിരക്ക് നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിൻറെ പേര് | 150/24, പഞ്ചായത്ത് ഓഫീസ് ടോയ്‌ലെറ്റ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ തുക, ഫണ്ടിനം | 79894<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| വൗച്ചർ നമ്പർ/തീയതി | XVFC-2023-24/P/17 , 31.03.2024 |

പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റിൽ വാട്ടർ ക്ലോസറ്റ് ഘടിപ്പിച്ച പ്രവൃത്തിക്ക് (പ്രോ.നം.150/24) തെറ്റായ നിരക്ക് അനുവദിച്ചതിനാൽ 5262 രൂപ അധികം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-24 കാണുക.

## 3-2 മെൻസ്ട്രുവൽ കപ്പുകളുടെ എണ്ണത്തിൽ കുറവ്-തുക നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റിൻറെ പേര് | 45/24 - മെൻസ്ട്രുവൽ കപ്പ് – വുമൺ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ തുക | ₹188400 (വികസന ഫണ്ട്) |
| ചെലവ് തുക | ₹188400 |
| ട്രഷറി ബിൽ | നം. 18971/24.03.24 , 188400 രൂപ |

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി, വനിതകളുടെ ശുചിത്വവും, ആരോഗ്യവും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതി മെൻസ്ട്രുവൽ കപ്പ് – വുമൺ - ൻറെ ഭാഗമായി വാങ്ങിയ 628 മെൻസ്ട്രുവൽ കപ്പുകളുടെ സ്റ്റോക്കിൽ 87 എണ്ണത്തിൻറെ കുറവുള്ളതിനാൽ 26100 രൂപ നിരാകരിക്കുകയും , ആവശ്യകത നിർണ്ണയിക്കാതെയും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെയും വാങ്ങൽ നടത്തിയതിയതിനാൽ വിതരണം ചെയ്യാതെ ശേഷിക്കുന്ന 401 മെൻസ്ട്രുവൽ കപ്പുകളുടെ തുകയായ 120300 രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-25 കാണുക.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് നമ്പർ | പ്രോജക്റ്റിൻറെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1881800 | 2 | ലൈഫ് ഭവന പദ്ധതി ജനറൽ | 1881800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 770000 | 4 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം | 770000 | 0 |
| ബ്ലോക്ക് | 275400 | 154 | സമുദ്ര ഭവനം | 275400 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 21 | വന്യ മൃഗങ്ങളിൽ നിന്നും കാർഷിക വിള സംരക്ഷണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 56 | അങ്കണവാടി പോഷകാഹാരം ജനറൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | 8 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -ജനറൽ | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | 58 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50150 | 19 | നെൽകൃഷി വികസനം | 50150 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | 9 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-എസ്സ് സി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 40000 | 20 | നെൽകൃഷി വികസനം എസ് സി പി | 40000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 40000 | 132 | വന്യമൃഗങ്ങളിൽ നിന്നും കാർഷിക വിള സംരക്ഷണം | 40000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 1675696 | 119 | എം സി എഫ് നിർമ്മാണം | 1675696 | 0 |
| ജില്ലാപ്പഞ്ചായത്ത് | 1000000 | 2 | ലൈഫ് ഭവന പദ്ധതി ജനറൽ | 1000000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 1000000 | 4 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം | 1000000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 1000000 | 42 | സാന്ത്വന പരിചരണ പരിപാടി-പാലിയേറ്റീവ് | 1000000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 200000 | 56 | അങ്കണവാടി പോഷകാഹാരം ജനറൽ | 200000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 150000 | 58 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 100000 | 21 | വന്യ മൃഗങ്ങളിൽ നിന്നും കാർഷിക വിള സംരക്ഷണം | 100000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 50000 | 8 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -ജനറൽ | 50000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ഹൈടെൻഷൻ ലൈൻ ഷിഫ്റ്റിംഗ് (184/24) | 131369 | 131369 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2001-02 | 10.2 | പേപ്പർ ഷോപ്പിംഗ് ബാഗ് നിർമ്മാണം- പാഴ് ചെലവ് | പരാമർശം നിലനിൽക്കുന്നു |
| 2011-12 | 3.2.13 | ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന മോണിറ്ററിംഗ് നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2022-23 | 1.16 | വൻ തുക ചെലവഴിച്ച് ആരംഭിച്ച മുളക്കോട്ട് ചാൽ | പരാമർശം നിലനിൽക്കുന്നു |

| | | | |
|---|---|---|---|
| | | ഇക്കോടൂറിസം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 20147708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 16189411 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31362 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 120300 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

നിരാകരിച്ച തുക

| ഖണ്ഡിക | നിരാകരിച്ച തുക (സർചാർജ്ജ് ചെയ്യാവുന്നത്) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 5262 | ശ്രീമതി സീനാ കുമാരി, അസിസ്റ്റന്റ് എൻജിനീയർ |
| 1-28 | 26100 | ഡോ. ആൻസി മേരി അലക്സ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 31362 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 120300 | ഡോ. ആൻസി മേരി അലക്സ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | | |
|---|---|---|
| ഡോ. ആൻസി മേരി അലക്സ്, അസിസ്റ്റന്റ് സർജൻ | മെഡിക്കൽ ഓഫീസർ, മഞ്ഞനിക്കര എഫ്.എച്ച്.സി. | വിളയിൽ അടിമുറിയിൽ, മുറിപ്പാറ പി.ഒ, പത്തനംതിട്ട |
| ശ്രീമതി സീനാ കുമാരി, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, ഇലമൺ ഗ്രാമപ്പഞ്ചായത്ത് | കൗസ്തുഭം, മണ്ണാരം പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നം. |
|---|---|---|
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2-624/03 തീയതി: 08.01.04/05.05.04 | 1 (10(2)) |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി4-385/06 തീയതി: 16.09.06/05.02.07 | 1 (2-9) |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4-122/08 തീയതി:09.10.09/20.01.09 | 4 (3-7, 3-10, 3-11, 3-12) |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7-786/09 തീയതി: 28.08.11 | 2 (3-8, 3-20) |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-7-202/10 തീയതി: 04.10.10 | 4 (3-6, 3-8, 3-14, 3-15) |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-5-762/10 തീയതി: 16.08.11 | 6 (3-9, 3-11, 3-13, 3-15, 3-16, 3-17) |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-5-201/11 തീയതി: 06.11.11/04.12.12 | 4 (3-4, 3-8, 3-9, 3-11) |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി5-113/12 തീയതി: 15.03.12/24.04.12 | 1 (3-10(2)(3)) |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി6-421/15 തീയതി: 08.06.15 | 4 (2-4, 3-2(2), 3-6, 3-9) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ/പി12/848/16 തീയതി: 26.07.16 | 4 (2-1, 3-1, 3-8, 3-9) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ /പി11/1360/16 തീയതി: 09.12.16 | 2 (3-8, 3-10) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ /പി11/1384/18 തീയതി: 24.10.2018 | 3 (2-3, 3-4, 3-5) |
| 2019-20 | കെ.എസ്.എ.പി.ടി.എ.പി.11/230/2021 തീയതി: 09.04.2021 | 4(1-17, 4-3, 4-10, 4-11) |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി11/340/2022 തീയതി 11/05/2022 | 3(1-17, 1-25,1-29) |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി11/1170/2022 തീയതി 12/12/2022 | 4(1-16, 1-19, 1-30, 4-2) |
| 2022-23 | കെ.എസ്.എ.പി.റ്റി.എ.പി11/958/2023 തീയതി 14/09/2023 | മുഴുവൻ ഖണ്ഡികകളും |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 11(1) dated 11(1) dated 11-06-2024 and submitted on 26-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the THUMPAMON Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Govemment, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of THUMPAMON Grama Panchayat as on 31-03-2024

**Date: 07/10/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of THUMPAMON Grama Panchayat for the Year 2023-2024.

### 1.Major Observations

1. Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

## 2.Other Observations

1. Lapsed Deposits remained to be forfeited and transferred to the revenue head
2. All the financial statements prescribed in accounting rules are not submitted for audit.
3. Balance amount in Beneficiary contribution head has not been adjusted or refunded to the implementing officers.
4. Amount on capital work in progress head in the balance sheet does not match with Part payment made for public works.
5. Expenditure in A.C.R doesnot match with that in grant statement.
6. MGNREGS.: Amount in cash book doesnot match with that in annual financial statement.
7. Wrong entry was made in Audit Recovery head instead of Other Recovery head.
8. Recordings in Deposits Received head(Schedule B-7)of 2022-23 annual financial statement donot match with opening balance recordings in 2023-24 deposit register.

9. Property tax :- Annual abstract of DCB in Sanchaya software doesnot match with that of Saankhya.
10. Annual abstract of DCB entered in the demand register of profession tax register and license register do not match with those of annual financial statement.
11. The accuracy of the amount in the prior period heads cannot be ascertained.

| | |
|---|---|
| Prior period income | 256437 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്